"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - ചിറയിൻകീഴ് സെന്റ് അലോഷ്യസ് എൽ.പി.എസ്.-ലെ എൽ.പി.എസ്.റ്റി. ശ്രീമതി മെർലിൻ ചാർളിയുടെ സേവനഭംഗം വന്ന 01/04/2023 മുതൽ 02/06/2024 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1935/2026/GEDN തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/10/2024, 19/08/2025, 12/11/2025 എന്നീ തീയതികളിലെ എഫ്1/8121/2024/ഡിജിഇ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചിറയിൻകീഴ് സെന്റ് അലോഷ്യസ് എൽ.പി.എസ്.-ലെ എൽ.പി.എസ്.റ്റി. ശ്രീമതി മെർലിൻ ചാർളിയുടെ സേവനഭംഗം വന്ന കാലയളവ് അവധിയായോ നോൺ ഡ്യൂട്ടി ആയോ ക്രമീകരിക്കുന്നതിലേക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീമതി മെർലിൻ ചാർളി 06/06/2018 മുതൽ 31/03/2023 വരെ കേരള സർവ്വീസ് ചട്ടം അപ്പൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ലീവ് കാലാവധി കഴിഞ്ഞു 01/04/2023 മുതൽ തിരികെ സേവനത്തിൽ പ്രവേശിക്കാതെ പകരം 01/04/2023 മുതൽ മാനേജർക്ക് രാജിക്കത്ത് സമർപ്പിക്കുകയും ചെയ്തു. മാനേജർ, ശ്രീമതി മെർലിൻ ചാർളി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് ആറ്റിങ്ങൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും ആയതിനു പകരമായി മാനേജർ രാജി അംഗീകരിച്ചതായുള്ള ഉത്തരവും ടീച്ചർ വിദേശത്താണെങ്കിൽ എംബസി സാക്ഷ്യപ്പെടുത്തിയ കത്ത് സമർപ്പിക്കുവാനും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെട്ടു. എന്നാൽ ആയതു സമർപ്പിക്കാതെ മാനേജർ ടിയാളെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ജോലിയിൽ ഹാജരാകാതെ നിന്ന കാലയളവ് ക്രമീകരിച്ചു നല്കുന്നതിലേയ്ക്കായി സർക്കാരിൽ സമർപ്പിക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയുമാണ് ചെയ്തത്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 22.04.2021 ലെ ജെ1/289/2019/പൊ.വി.വ. നമ്പർ സർക്കുലർ പ്രകാരം അധ്യയന വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ 01/03/2024 ന് ശ്രീമതി മെർലിൻ ചാർളിയെ തിരികെ പ്രവേശിപ്പിച്ച മാനേജരുടെ നടപടി ക്രമപ്രകാരമല്ല.

5. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതനാവധിയ്ക്ക് ശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് ശ്രീമതി മെർലിൻ ചാർളിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ചിറയിൻകീഴ് സെന്റ് അലോഷ്യസ് എൽ.പി.എസ്.-ലെ എൽ.പി.എസ്.റ്റി. ശ്രീമതി മെർലിൻ ചാർളിയുടെ സേവനഭംഗം വന്ന 01/04/2023 മുതൽ 02/06/2024 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

ശ്രീമതി മെർലിൻ ചാർളി, എൽ.പി.എസ്.റ്റി., സെന്റ് അലോഷ്യസ് എൽ.പി.എസ്., ചിറയിൻകീഴ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/295/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-03-2026 10:54:10

സെക്ഷൻ ഓഫീസർ